**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIII
# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം
**(SOCIAL SERVICES)**

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**

**രണ്ടാമത് റിപ്പോർട്ട്**

**(2012-2013)**

**SECOND REPORT ON THE SCRUTINY OF**

**DEMANDS FOR GRANTS**

**(2012-2013)**

2012 ജൂൺ, 11-ാം തീയതി സമർപ്പിച്ചത്

(Presented on 11th June, 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2012

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്റ്റ് കമ്മിറ്റി XIII

**(SUBJECT COMMITTEE XIII)**

സാമൂഹ്യസേവനം

**(SOCIAL SERVICES)**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

രണ്ടാമത് റിപ്പോർട്ട്

(2012-2013)

SECOND REPORT ON THE SCRUTINY OF

DEMANDS FOR GRANTS

(2012-2013)

432/2012.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി XIII—സാമൂഹ്യസേവനം

(2011–2013)

## ഘടന

ചെയർമാൻ :

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

കുമാരി പി. കെ. ജയലക്ഷ്മി,
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അൻവർ സാദത്ത്

,, ചിറ്റയം ഗോപകുമാർ

,, കെ. എൻ. എ. ഖാദർ

,, റ്റി. യു. കുരുവിള

,, പുരുഷൻ കടലുണ്ടി

,, കെ. രാധാകൃഷ്ണൻ

,, ആർ. രാജേഷ്

ശ്രീമതി കെ. എസ്. സലീഖ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

,, എ. ഷൈല, അണ്ടർ സെക്രട്ടറി.

# അവതാരിക

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2012 ഏപ്രിൽ 12, 18 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധമായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു :

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥന്മാരിൽനിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരമായ സാമ്പത്തിക പരിമിതികൾക്കുവിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2012 മേയ് മാസം 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2012 ജൂൺ, 11.

ഡോ. എം. കെ. മുനീർ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIII.*

## റിപ്പോർട്ട്

### ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 1420,93,71,000 രൂപ |
| ചാർജ് ചെയ്തത് | : | ഇല്ല |

### പട്ടികജാതി വികസന വകുപ്പ്

2225-01-277-99—മെട്രിക്കുലേഷന് മുൻപുള്ള പഠനങ്ങൾ—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റും (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 19 കോടി രൂപ

1. പ്രീ മെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റും പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിന്റെ 50% തുക ഒറ്റത്തവണ ധനസഹായമായി നൽകുക, ഏറ്റവും പിന്നോക്ക ജാതിയിൽപ്പെട്ട പട്ടികജാതി കുട്ടികൾക്ക് പ്രതിമാസ സ്റ്റൈപെന്റ് നൽകുക, സ്വകാര്യ തൊഴിലധിഷ്ഠിത സ്ഥാപനങ്ങളിലും നോൺ എഞ്ചിനീയറിംഗ് ട്രേഡുകളായ തയ്യൽ, എംബ്രോയിഡറി, കെ. ജി. റ്റി. ഇ. എന്നീ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകുക എസ്. എസ്. എൽ. സി. പരീക്ഷയിൽ 'ഡി.', 'ഇ.' ഗ്രേഡ് നേടി പരാജയപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുക തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 21 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-01-282-97—ആരോഗ്യ സർവ്വീസ് പദ്ധതി (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ

2. പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ സ്വകാര്യ ഡോക്ടർമാരെ വളരെയധികം ആശ്രയിക്കുന്നത് ഒഴിവാക്കാൻവേണ്ടി അത്തരം സ്ഥലങ്ങളിൽ ജനറൽ മെഡിക്കൽ പ്രാക്ടീഷണർമാരുടെ സേവനം ലഭ്യമാക്കുക, സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രികളുമായി യോജിച്ച് എല്ലാ പട്ടികജാതി വിഭാഗങ്ങൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുകയും ഗുരുതര രോഗം ബാധിച്ച പട്ടികജാതി വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുന്ന ആരോഗ്യ ഇൻഷ്വറൻസ് പരിപാടിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-01-800-86—1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്രസഹായം)

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ

3. പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിലേക്കായി പൗരാവകാശ സംരക്ഷണ നിയമം നടപ്പാക്കേണ്ടത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത്

തലത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക, പട്ടികജാതിക്കാർക്കെതിരെ തൊട്ടുകൂടായ്മ ആചരിക്കുന്നതിന്റെ ദൂഷ്യവശങ്ങൾ ഉയർത്തിക്കാട്ടുന്ന ഡോക്യുമെന്ററികൾ നിർമ്മിക്കുക, മിശ്രവിവാഹിതരായ ദാരിദ്രരേഖയ്ക്കുതാഴെയുള്ള ദമ്പതിമാർക്ക് വരുമാനദായകമായ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക, പട്ടികജാതിയിലും ഇതര വിഭാഗങ്ങളിലുമുള്ള സാമൂഹ്യ പ്രവർത്തകർക്ക് ക്യാഷ് അവാർഡ് നൽകുക, പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഈ പദ്ധതി ലക്ഷ്യമിടുന്നു.

4. പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം 20,000 രൂപയിൽ നിന്നും 50,000 രൂപയായി ഉയർത്തിയിട്ടുണ്ട്. 2011-2012 വർഷത്തിൽ ഈ ഇനത്തിൽ 2225-01-800-80 ശീർഷകത്തിൽ 1719.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-2013 വർഷത്തിൽ 2225-01-800-86 ശീർഷകത്തിൽ പി.സി.ആർ. ആക്ട് ഉൾപ്പെടെ 20 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. വിവാഹധനസഹായം വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിലും പി.സി.ആർ. ആക്ടുപ്രകാരമുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരുക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-01-800-18—സ്ഥാപനങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ

5. CREST, SC/ST സൊസൈറ്റികൾ, സ്വയംസഹായ സംഘങ്ങൾ, സൈബർശ്രീ തുടങ്ങിയ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4225-01-800-89—ഭൂമിയും കെട്ടിടങ്ങളും

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ

6. വ്യവസായ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും ഹോസ്റ്റലുകൾക്കും സ്ഥലവും കെട്ടിടവും നിലവിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പുനരുദ്ധാരണം, നിലവിലുള്ള ഐ.റ്റി.ഐ.കളുടെ അറ്റകുറ്റപ്പണികൾ, പി.ഇ.റ്റി.സി.കളുടെ കെട്ടിട നിർമ്മാണവും അറ്റകുറ്റപ്പണികളും, അയ്യൻകാളി ഭവന് അധിക സൗകര്യമൊരുക്കൽ, ഡോ. അംബേദ്ക്കർ ഭവന് അധിക സൗകര്യമൊരുക്കൽ തുടങ്ങി നിരവധി പുനരുദ്ധാരണ/അറ്റകുറ്റപ്പണികൾ ലക്ഷ്യമിടുന്നതിനാൽ മേൽ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ പദ്ധതി ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക പദ്ധതിയിതര ഇനത്തിലേക്ക് മാറ്റണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-03-277-92—ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് (50% കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : 23.68 കോടി രൂപ

7. സംസ്ഥാനത്ത് 2011-2012 അദ്ധ്യയന വർഷംമുതൽ ന്യൂനപക്ഷങ്ങൾക്ക് വേണ്ടിയുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കുന്നതിന് വിവരശേഖരണം

നടത്തിയപ്പോൾ അർഹരായ 915648 കുട്ടികൾ ഉള്ളതായും ഇവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 77,88,48,900 രൂപ ആവശ്യമായിവന്നതായും സമിതി മനസ്സിലാക്കുന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ ഈ സ്കീം നടപ്പിലാക്കുന്നതിനായി അത്രയും തുക തന്നെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-03-800-84—മൾട്ടിസെക്ടറൽ ഡെവലപ്മെന്റ് പദ്ധതിക്കുള്ള വികസന പദ്ധതി

ബഡ്ജറ്റ് വിഹിതം : 76 കോടി രൂപ

8. രാജ്യത്തെ ഐ.ഐ.എം. പോലുള്ള സ്ഥാപനങ്ങളിലും വിദേശ സർവ്വകലാശാല കളിലും വളരെയധികം തൊഴിൽ സാദ്ധ്യതകളുണ്ടെങ്കിലും അത്തരം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ച് പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് വേണ്ടത്ര അറിവില്ലാ എന്ന് സമിതി നിരീക്ഷിക്കുന്നു. അത്തരം കുട്ടികളെ ഏറ്റവും ഉയർന്ന പ്രൊഫഷണൽ മേഖലകളിലേക്ക് കൊണ്ടുവരുന്നതിനായി കുട്ടികളുടെ കഴിവ് വികസിപ്പിക്കുന്നതിനും എല്ലാ ട്രേഡുകളിലും ട്രെയിനിംഗ് നൽകുന്നതിനുമായി സംസ്ഥാനത്തിന്റെ തെക്ക്, വടക്ക്, മദ്ധ്യമേഖലകളിലായി ഓരോ എംപ്ലോയ്മെന്റ് ബെയ്സ്ഡ് മൾട്ടി പർപ്പസ് ട്രെയിനിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. കൂടാതെ കഴിവ് കുറഞ്ഞ കുട്ടികളുടെ കഴിവ് വികസിപ്പിക്കുന്നതിനും അവർക്ക് ട്രെയിനിംഗ് നൽകുന്നതിനുമായി സ്വകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിക്കായി 5 കോടി രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**അഡ്വക്കേറ്റ് ഗ്രാന്റ്സ്**

10. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ, 'സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന പിന്നോക്ക സമുദായങ്ങളിൽപ്പെട്ട അഭിഭാഷക ബിരുദധാരികൾക്ക് പ്രാക്ടീസിന്റെ ആരംഭത്തിൽ 7,500 രൂപ ഗ്രാന്റായി അനുവദിക്കുന്ന താണെന്നും ഇതിനായി ഈ വർഷം അർഹരായ 500 അഭിഭാഷകർക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി 37.50 ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളതായി' പ്രഖ്യാപിച്ചിരുന്നു. ഈ സാഹചര്യത്തിൽ ന്യൂസർവ്വീസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത തുക പ്രത്യേക ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-80-800-96—കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ—31-സഹായധനം

ബഡ്ജറ്റ് വിഹിതം : 89,40,000 രൂപ

11. 2007-ലെ കേരള സംസ്ഥാന പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ട കേരള പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ, സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങൾ വിലയിരുത്തുക, അവകാശ സംരക്ഷണ വ്യവസ്ഥകൾ

നിഷേധിച്ചതിനെപ്പറ്റി എടുത്തുപറയുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുക, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ അന്വേഷിക്കുകയും നടപടികൾ ശുപാർശ ചെയ്യുകയും ചെയ്യുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുന്നു.

12. 2012 ജനുവരി 4-ന് നിലവിൽ വന്ന പുതിയ കമ്മീഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും കമ്മീഷനിൽ തുടങ്ങിവച്ച കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിന് സി-ഡിറ്റിന് 24 ലക്ഷത്തോളം രൂപ കുടിശ്ശിക നൽകാനുള്ള സാഹചര്യത്തിലും ഈ ശീർഷകത്തിൽ 1.2710 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4225-03-190-99—പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : ഇല്ല

13. പട്ടികജാതിയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർ, പട്ടികജാതിയിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യപ്പെട്ടവർ എന്നീ വിഭാഗങ്ങളുടെ സാമൂഹികം, വിദ്യാഭ്യാസപരം, സാംസ്ക്കാരികം, സാമ്പത്തികം, മറ്റ് ജീവിത സാഹചര്യങ്ങൾ എന്നിവയുടെ ഉന്നമനം ലക്ഷ്യമാക്കി 1956-ലെ കമ്പനി ആക്ട് പ്രകാരം, 1980-ൽ രൂപീകൃതമായി പ്രവർത്തനം ആരംഭിച്ച സ്ഥാപനമായ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാ എന്ന് സമിതി മനസ്സിലാക്കുന്നു.

14. കോർപ്പറേഷന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ തുടരുന്നതിനും സർക്കാർ അനുമതിക്ക് വിധേയമായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 937.50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-03-800-99—പിന്നോക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം)

ബഡ്ജറ്റ് വിഹിതം : 1,08,28,000 രൂപ

15. 1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ട സ്റ്റാറ്റ്യൂട്ടറി കമ്മീഷനായ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനിൽ ചെയർമാൻ, മെമ്പർമാർ, ഓഫീസർമാർ, സ്റ്റാഫ് എന്നിവരുടെ ശമ്പളയിനത്തിൽ 1.61 കോടി രൂപ ആവശ്യമായി വരുന്നതിനാലും കമ്മീഷന്റെ ഓഫീസ് കമ്പ്യൂട്ടർവൽക്കരണം, ചെയർമാനും അംഗങ്ങൾക്കുമായി ഔദ്യോഗിക വാഹനം വാങ്ങൽ, ഓഫീസ് അറ്റകുറ്റപണികൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും ശമ്പളം ഇനത്തിൽ 33 ലക്ഷം രൂപയും മൂലധന ആസ്തികളുടെ രൂപീകരണത്തിനായി 8.72 ലക്ഷം രൂപയും ഉൾപ്പെടെ 41.72 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പൊതുശുപാർശ

16. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികളെ/സ്ക്കീമുകളെക്കുറിച്ച് ഭൂരിഭാഗം പേർക്കും യാതൊരു അറിവുമില്ലാ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അവർക്കായി നടപ്പാക്കുന്ന ഓരോ സ്ക്കീമിന്റെയും വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബ്രോഷറുകളും പാംഫ്ലെറ്റുകളും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനും പ്രസ്തുത പദ്ധതികളെക്കുറിച്ച് അവർക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### പട്ടികവർഗ്ഗ വികസന വകുപ്പ്

2225-02-102-95—വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനം

ബഡ്ജറ്റ് വിഹിതം : 2.2 കോടി രൂപ

17. സംസ്ഥാനത്ത് 73500 പട്ടികവർഗ്ഗക്കാർ വനത്തിനുള്ളിൽ 671 സങ്കേതങ്ങളിൽ 18560 കുടുംബങ്ങളിലായി അധിവസിക്കുന്നുണ്ട്. ഇവർക്ക് തൊഴിൽ നൽകി സ്ഥിരവരുമാനം ഉണ്ടാക്കി കൊടുക്കുക, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നൽകുക, ആരോഗ്യ-വിദ്യാഭ്യാസ പരിരക്ഷ ഉറപ്പാക്കുക തുടങ്ങിയവയ്ക്കായി വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. കുട്ടമ്പുഴ പഞ്ചായത്തിലെ വാര്യക്കുടിയിൽ നിന്നും കുടിയിറക്കപ്പെട്ട ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനും അഗസ്ത്യമുടി മുതൽ കാസർകോട് വരെ വനത്തിനുള്ളിലുള്ള നൂറുകണക്കിനു കോളനികളെ വനാതിർത്തിയോട് ചേർന്ന് പുനരധിവസിപ്പിക്കുന്നതിനും ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണെന്നും ഈ ആവശ്യത്തിലേക്കായി 25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

2225-02-197-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 10.15 കോടി രൂപ

18. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികവർഗ്ഗ ഉപപദ്ധതിയിലെ പരിപാടികൾ നടപ്പിലാക്കുന്നതിനാണ് ഈ ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നത്. എല്ലാ വിവരങ്ങളും ഒരിടത്ത് തന്നെ ശേഖരിച്ച് പ്രോസസ്സ് ചെയ്യുന്നതിന് ഒരു ഡേറ്റാ പ്രോസസ്സിംഗ് സെന്റർ വകുപ്പിനില്ലാ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വകുപ്പിന് ഒരു ഡേറ്റാ പ്രോസസ്സിംഗ് ആന്റ് വാലിഡേഷൻ സെന്റർ സ്ഥാപിക്കുന്നതിനും എല്ലാ കോളനികളിലും വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാംസ്ക്കാരിക ഉന്നമനം ലക്ഷ്യമാക്കി സോഷ്യൽ കൗൺസിലേഴ്സിനെ നിയമിക്കുന്നതിനുമായി അധിക തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-97—മെട്രിക്കുലേഷന് ശേഷമുള്ള സ്കോളർഷിപ്പുകൾ (കേന്ദ്രാവിഷ്കൃത പദ്ധതി—100% കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : 12 കോടി രൂപ

19. സർക്കാർ ഉത്തരവ് (കൈ) നമ്പർ 06/2012/പജ.പവ.വിവ. തീയതി 11-1-2012 പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്കുകൾ സർക്കാർ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ വർദ്ധിച്ച സാമ്പത്തിക ബാദ്ധ്യത വരുന്ന പ്രൊഫഷണൽ-സ്വാശ്രയ കോഴ്സുകൾക്ക് ചേരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു നൽകേണ്ടതുണ്ട്. കൂടാതെ സ്വാശ്രയ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് ചേരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർഷംതോറും വർദ്ധനവുണ്ടാകുന്ന സാഹചര്യം കൂടി കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-88—ട്യൂട്ടോറിയലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് നൽകുന്ന ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 85 ലക്ഷം രൂപ

20. വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരലൽ കോളേജിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിനുള്ള ഫീസ് രക്ഷിതാക്കൾക്ക് നൽകുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതി പ്രകാരം, എസ്.എസ്.എൽ.സി., +2, ഡിഗ്രി പരാജിതരായവർക്ക് ട്യൂട്ടോറിയലിൽ ചേർന്ന് പഠിക്കുന്നതിനുള്ള ധനസഹായം ഗിരിവികാസ്, ഗുരുകുലം പ്രോജക്ടുകളുടെ നടത്തിപ്പ്, എസ്.എസ്.എൽ.സി., +2 പരീക്ഷയ്ക്കു മുമ്പുള്ള റസിഡൻഷ്യൽ ക്യാമ്പ്, പ്രീ മെട്രിക് ഹോസ്റ്റലുകളിലെ പാർട്ട് ടൈം ട്യൂട്ടർമാരുടെ ഹോണറേറിയം മുതലായവയും നൽകിവരുന്നു. ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-55—മോഡൽ റസിഡൻഷ്യൻ സ്കൂൾ, സി.ബി.എസ്.ഇ. പാറ്റേൺ, ഞാറനീലി, നെടുമങ്ങാട്

ബഡ്ജറ്റ് വിഹിതം : 110 ലക്ഷം രൂപ

21. ഡോ. അംബേദ്ക്കർ സ്മാരക സി.ബി.എസ്.ഇ. സ്കൂളിൽ 2012-2013 അദ്ധ്യയന വർഷം 10-ാം ക്ലാസ്സ് ആരംഭിക്കുന്നതിനാൽ വിദ്യാർത്ഥികളുടെ എണ്ണം നിലവിലുള്ള 360-ൽ നിന്നും 400 ആയി വർദ്ധിക്കുന്നതിനാലും 21-5-2011-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 53/11/പജ.പവ.വിവ. പ്രകാരമുള്ള അധിക ബാദ്ധ്യത വഹിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-49—അശ്രാമം സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ്

ബഡ്ജറ്റ് വിഹിതം : 16.50 കോടി രൂപ

22. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 15 അശ്രാമം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിൽ പഠിക്കുന്ന 4650 കുട്ടികളിൽ 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ ഭക്ഷണ ചെലവ് 1,300 രൂപയായും, പ്ലസ് 1, പ്ലസ് 2 ക്ലാസ്സുകളിലേക്ക് 1,500 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാലും കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ വാണിനഗറിൽ ഈ അദ്ധ്യയനവർഷം (2012-2013) പ്രവർത്തനം ആരംഭിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനങ്ങൾക്കുമായി ഫണ്ട് ന്യൂസർവ്വീസ് പ്രൊസീഡ്യൂർ പ്രകാരം ഉൾപ്പെടുത്തുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 18 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-282-97—ഗിരിവർഗ്ഗക്കാരിൽ കാണുന്ന പ്രത്യേകതരം രോഗങ്ങൾ ഉന്മൂലനം ചെയ്യുന്നതിനുള്ള ആരോഗ്യപദ്ധതി

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ

23. ഇടുക്കി, അട്ടപ്പാടി എന്നീ ഹെൽത്ത് പ്രോജക്ടുകളുടെ കീഴിൽ പ്രവർത്തിക്കുന്ന നാല് ഒ.പി. ക്ലിനിക്കുകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ വേതനം ഇരട്ടിയിലധികം വർദ്ധിപ്പിച്ചിട്ടുള്ളതിനാലും, ഇടുക്കി ജില്ലയിലെയും അട്ടപ്പാടിയിലെയും പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ഭൂമിശാസ്ത്രപരമായ ദുർഘടസ്ഥിതിയും ആരോഗ്യ പരിചരണ സൗകര്യത്തിന്റെ അപ്രാപ്യതയും കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീർത്തും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-282-94—ക്ഷയം, കുഷ്ഠം, വിളർച്ച തുടങ്ങിയ അസുഖങ്ങൾ ബാധിച്ച പട്ടികവർഗ്ഗക്കാരുടെ ചികിത്സയും പുനരധിവാസവും

ബഡ്ജറ്റ് വിഹിതം : 1.50 കോടി രൂപ

24. പട്ടികവർഗ്ഗസങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ചികിത്സയ്ക്കുള്ള ധനസഹായം നൽകുക, രോഗികളെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുക, അവർക്ക് പോഷകാഹാരങ്ങളും ആവശ്യമായ മരുന്നും നൽകുക, രോഗം ഭേദപ്പെട്ടവരെ പുനരധിവസിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ.

25. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന പരമാവധി ധനസഹായം 25,000 രൂപയിൽ നിന്നും 40,000 രൂപയായും, ഡയറക്ടറുടെ അധികാരം ഉപയോഗിച്ചു നൽകുന്ന പരമാവധി ധനസഹായം 9,999 രൂപയിൽ നിന്ന് 20,000 രൂപയായും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാരുടെ ധനപരിധി 1,000 രൂപയിൽ നിന്നും 2,500 രൂപയായും ഉയർത്തുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലായതിനാൽ ബഡ്ജറ്റിൽ വകയിരുത്തി

യിരിക്കുന്ന തുക അപര്യാപ്തമാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-283-98—ഭവന നിർമ്മാണം

ബഡ്ജറ്റ് വിഹിതം : 25 കോടി രൂപ

26. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. സർക്കാർ പട്ടികവർഗ്ഗക്കാർക്കായുള്ള ഭവന നിർമ്മാണത്തിനുള്ള തുക 1,25,000 രൂപയിൽ നിന്നും 2,50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും 2011-12 വർഷം അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിന് വർദ്ധിപ്പിച്ച നിരക്കിൽ തുക നൽകേണ്ടതിനാലും, സമ്പൂർണ്ണ ഭവന നിർമ്മാണ പരിപാടി സർക്കാരിന്റെ പ്രഖ്യാപിത നയമായിരിക്കെ 2012-13 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 800 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-794-98—ഗിരിവർഗ്ഗ പ്രദേശ വികസനത്തിനുവേണ്ടിയുള്ള പ്രത്യേക കേന്ദ്ര സഹായം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ

27. പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തികോന്നമന പരിപാടികളാണ് ഈ പദ്ധതിയനുസരിച്ച് നടപ്പിലാക്കുന്നത്. ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 92 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-800-86—വിവരവും വിദ്യാഭ്യാസവും വിനിമയവും

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ

28. പട്ടികവർഗ്ഗക്കാരുടെ സാംസ്ക്കാരിക പരിപാടികൾ, നാടൻ കലോത്സവങ്ങൾ, മദ്യവിരുദ്ധ പ്രചാരണം, ഡോക്യുമെന്റേഷൻ, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം തേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനം, പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന വസ്തുക്കൾ മുതലായവ നൽകൽ, കൗൺസിലർമാർക്കുള്ള ഹോണറേറിയം, ഐ.ടി.ഐ./ഐ.ടി.സി. പാസ്സായ കുട്ടികൾക്കുള്ള അപ്രന്റീസ് പരിശീലനം, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ സംസ്ഥാന വാർഷികം തുടങ്ങിയ പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

29. പട്ടികവർഗ്ഗ വികസന വകുപ്പും യുവജനക്ഷേമ വകുപ്പും സംയുക്തമായി 2012 ഏപ്രിൽ മാസത്തിൽ വയനാട്ടിലെ മാനന്തവാടിയിൽ സംഘടിപ്പിക്കുന്ന ട്രൈബൽ ഫെസ്റ്റിന്റെ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിക്കേണ്ടതുണ്ട്. പ്രസ്തുത ചെലവ് ബഡ്ജറ്റ് സമർപ്പിച്ചപ്പോൾ വിഭാവനം ചെയ്തിട്ടില്ലായിരുന്നു. ഇതിനായി ഈ

ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ആവശ്യത്തിലേക്കായി 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-800-64—ഗിരിവർഗ്ഗ ഉപപദ്ധതിക്കുവേണ്ടിയുള്ള പുൾഡ് ഫണ്ട്

ബഡ്ജറ്റ് വിഹിതം : 23 കോടി രൂപ

30. പട്ടികവർഗ്ഗ ഉപപദ്ധതിപ്രകാരമുള്ള പരിപാടികളിൽ നിലനിൽക്കുന്ന വിടവുകൾ നികത്തുന്നതിനുവേണ്ടി പ്രോജക്ടധിഷ്ഠിത സമീപനം ഉൾക്കൊണ്ട് സ്വയംതൊഴിൽ, വൈദഗ്ദ്ധ്യ വികസനം, ശുദ്ധജലവിതരണം, ശുചിത്വം, നടപ്പാലങ്ങളുടെ നിർമ്മാണം, സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ പരിപാടികൾ, വൈദ്യുതീകരണം, എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ വിനിമയ സൗകര്യം വർദ്ധിപ്പിക്കുക, പട്ടികവർഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതിയുടെ കുറവ് പരിഹരിക്കൽ എന്നിവയ്ക്കുതകുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകി നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-800-51—സാമൂഹ്യ പ്രവർത്തകർ

ബഡ്ജറ്റ് വിഹിതം : 385 ലക്ഷം രൂപ

31. പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന പഞ്ചായത്തുകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക, പഞ്ചായത്തുകളും മറ്റു വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രവർത്തിക്കുക, ഗുണഭോക്താക്കളെ ബോധവൽക്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസമുള്ള 1000 പട്ടികവർഗ്ഗ യുവതീയുവാക്കളെ നിയമിക്കുവാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. ഇവർക്ക് പ്രതിമാസം 2,500 രൂപാ വീതം ഓണറേറിയം നൽകി വന്നിരുന്നത് 4,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 140 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-800-20—ഏറ്റവും പിന്നോക്കമായ വർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതി (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : ഇല്ല

32. 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതിയുടെ അടങ്കൽ തുക അധികരിച്ചതിനനുസൃതമായി പട്ടികവർഗ്ഗ ഉപപദ്ധതിയിൽ വന്ന വർദ്ധനവിന് ലഭിച്ച ഒറ്റതവണയായുള്ള അധിക കേന്ദ്രസഹായമായി 420 ലക്ഷം രൂപ സപ്ലിമെന്ററി ഡിമാന്റ് ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. അധിക കേന്ദ്ര സഹായമായി ലഭിച്ച തുകയിൽ അവശേഷിച്ച 419.58 ലക്ഷം രൂപ 2012-13 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിനായി 419.58 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## നോൺ പ്ലാൻ

2225-02-277-99—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ

ബഡ്ജറ്റ് വിഹിതം : 770 ലക്ഷം രൂപ

33. 10-ാം സ്റ്റാൻഡേർഡ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പെന്റ് എന്നീ ആനുകൂല്യങ്ങൾ ഈ പദ്ധതിപ്രകാരം നൽകി വരുന്നു. സർക്കാർ ഉത്തരവ് (കൈ) നമ്പർ 06/2012/പജ.പവ.വിവ. തീയതി, 11-1-2012 പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്കുകളിൽ 100% വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-98—മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ

ബഡ്ജറ്റ് വിഹിതം : 630 ലക്ഷം രൂപ

34. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മെട്രിക്കുലേഷനുശേഷമുള്ള പഠനത്തിന് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പെന്റ്, പോക്കറ്റ് മണി, ബോർഡിംഗ് എന്നിവയ്ക്കുള്ള ചെലവ് ഈ ശീർഷകത്തിൽനിന്നും വഹിക്കുന്നു. ലംപ്സം ഗ്രാന്റും സ്റ്റൈപ്പെന്റും വിവിധ കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് നല്കിവരുന്നത്. കേരളത്തിൽ പോസ്റ്റ് മെട്രിക് പഠനത്തിന്, പഠനം നടത്തുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വാർഷിക വരുമാനം കണക്കിലെടുക്കാതെ തന്നെ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. വർദ്ധിച്ച സാമ്പത്തിക ബാദ്ധ്യത വരുന്ന പ്രൊഫഷണൽ-സ്വാശ്രയ കോഴ്സുകൾക്ക് ചേരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് ഇ-ഗ്രാന്റ് വഴി ആനുകൂല്യം നൽകുന്നതിന് തുക തികയാതെ വരുന്നുണ്ട്. വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്കുകളിൽ 2012 മുതൽ (മുൻവർഷത്തേക്കാൾ) നൂറ് ശതമാനം കണ്ട് വർദ്ധനവ് വരുത്തിയ സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-95—ബോർഡിംഗിനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 22 ലക്ഷം രൂപ

35. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ള സബ്സിഡൈസ്ഡ് ഹോസ്റ്റലുകളിലെ ബോർഡിംഗ് ഗ്രാന്റ്, യൂണിഫോം അലവൻസ് മുതലായവ 7-2-2012-ാം തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 247/12/പജ.പവ.വിവ. പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള സബ്സിഡൈസ്ഡ് ഹോസ്റ്റലുകളുടെ നടത്തിപ്പിന് നടപ്പു വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-94—ഗിരിവർഗ്ഗ ഹോസ്റ്റൽ

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 17 ലക്ഷം രൂപ

36. പട്ടികവർഗ്ഗ വികസന വകുപ്പിലെ സ്വകാര്യ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളുടെ വാടക നൽകുന്നതിന് വകയിരുത്തിയ 17 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-94—ഗിരിവർഗ്ഗ ഹോസ്റ്റൽ

34—മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 7.5 കോടി രൂപ

37. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പട്ടികവർഗ്ഗ വികസനവകുപ്പ് നടത്തുന്ന 110 പ്രീമെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ ഭക്ഷണം, പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ, വസ്ത്രം, മറ്റുചെലവുകൾ എന്നിവയ്ക്കായാണ് ഈ ശീർഷകത്തിൽനിന്നും തുക ചെലവഴിക്കുന്നത്. 13-5-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 55/10/പജ.പവ.വിവ. പ്രകാരം പ്രീമെട്രിക് ഹോസ്റ്റൽ അന്തേവാസികളുടെ മെസ് ചാർജ്ജ് ഒഴികെയുള്ള അലവൻസുകൾ വർദ്ധിപ്പിച്ചതിനാൽ ഉണ്ടാകുന്ന അധിക ചെലവിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ച താഴെപ്പറയുന്ന പുതിയ പദ്ധതികൾക്കായി പ്രത്യേക ശീർഷകം അനുവദിക്കേണ്ടതും തുക വകയിരുത്തേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

38. വയനാട്ടിലെ ആദിവാസികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്ന അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും മറ്റ് ജീവനോപാദികളും വാങ്ങുന്നതിനുമായി പ്രതിമാസം 1,000 രൂപ വീതം ധനസഹായം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നതിനാൽ 2 കോടി രൂപ ഇതിനായി വകയിരുത്തേണ്ടതാണ്.

39. സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കിടയിൽ വംശീയ വൈദ്യന്മാർ ധാരാളം ഉണ്ട്. ആദിവാസിമേഖലയിലെ വംശീയവൈദ്യത്തിന് വേണ്ടത്ര പ്രചാരണം നൽകുന്നതിനും പരിപോഷിപ്പിക്കുന്നതിനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അവർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി സഹായിക്കുന്നതിനുമായി വിതുര കേന്ദ്രമാക്കി ഒരു ആദിവാസി പാരമ്പര്യ വൈദ്യപഠനകേന്ദ്രം തുടങ്ങുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തേണ്ടതാണ്.

40. തിരുവനന്തപുരത്ത് കുറ്റിച്ചൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനായി 100 ലക്ഷം രൂപ വകയിരുത്തേണ്ടതാണ്.

41. ദക്ഷിണേന്ത്യയിലെ ഏക ആദിവാസി രാജാവായ കോവിൽമല രാജമന്നന് ആദിവാസി സംസ്ക്കാരത്തിന് അനുയോജ്യമായ തരത്തിൽ ഒരു രാജധാനി പണിയുന്നതിന് 20 ലക്ഷം രൂപ വകയിരുത്തേണ്ടതാണ്.

**പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതി**

42. കേന്ദ്ര സർക്കാരിൽനിന്നും അധിക കേന്ദ്രസഹായമായി 2003-04 വർഷം ലഭിച്ച 10 കോടി രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗക്കാർക്കും ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, റിജിയണൽ ക്യാൻസർ സെന്റർ, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ വഴിയും സഹകരണ മെഡിക്കൽ കോളേജുകളായ പരിയാരം, കൊച്ചി എന്നിവ വഴിയും സർക്കാർ ഉത്തരവ് (Ms.) 45/07/പജ.പവ.വിവ. തീയതി 13-8-2007 പ്രകാരം സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

43. തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ SPI TSB No. 14878-ൽ ഇപ്രകാരം ഡെപ്പോസിറ്റ് ചെയ്തിരുന്ന പലിശയടക്കമുള്ള തുകയിൽ നിന്നും പദ്ധതി നടപ്പിലാക്കി വരുന്ന 29 സർക്കാർ ആശുപത്രികൾക്ക് പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ ചികിത്സയ്ക്കായി ആവശ്യമായ തുക പിൻവലിച്ച് നൽകി വരുന്നു. ഇപ്പോൾ ടി TSB A/c.-ൽ നിക്ഷേപിച്ചിരുന്ന A.C.A പ്രകാരം ലഭ്യമായ മുഴുവൻ തുകയും വിനിയോഗിച്ചു കഴിഞ്ഞു. 2011-12 സാമ്പത്തിക വർഷം ഈ ഇനത്തിൽ കുടിശികയായി 1.64 കോടി രൂപ ഇനി ടി ആശുപത്രികൾക്ക് അനുവദിച്ചു നൽകേണ്ടതായിട്ടുണ്ട്.

44. ഈ പദ്ധതി പ്രകാരം ടി 2 സഹകരണ ആശുപത്രികളിലൂടെയും മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലൂടെയും ജില്ലാ ആശുപത്രികളിലൂടെയും താലൂക്ക് ആശുപത്രികളിലൂടെയുമുള്ള പട്ടികവർഗ്ഗക്കാരുടെ സമഗ്ര ആരോഗ്യ ചികിത്സാ പദ്ധതി 2012-13 വർഷവും തുടർന്നുള്ള വർഷങ്ങളിലും തുടരേണ്ടതായിട്ടുണ്ട്. ഇതിനായി കുടിശിക നൽകുന്നതുൾപ്പെടെ നടപ്പു സാമ്പത്തിക വർഷത്തെ ചികിത്സാ ചെലവുകൾക്കായി 5 കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

വോട്ടു ചെയ്തത് : 1609,92,02,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2235-02-102-98—ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃതസേവനം (90% കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : 200 കോടി രൂപ

45. ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനായി ദേശീയതലത്തിൽ നടപ്പാക്കുന്ന ഒരു ഫ്ളാഗ്ഷിപ്പ് പരിപാടിയാണ് 'സംയോജിത

ശിശുവികസന സേവനങ്ങൾ.' അംഗൻവാടി കേന്ദ്രങ്ങളിലൂടെ ഒരു സംയോജിത പാക്കേജായി പൂരകപോഷകാഹാരം, പ്രതിരോധ കുത്തിവയ്പ്, ആരോഗ്യപരിശോധന, റഫറൽ സർവ്വീസുകൾ, ആരോഗ്യ-പോഷകാഹാര വിദ്യാഭ്യാസം, പ്രീസ്കൂൾ വിദ്യാഭ്യാസം എന്നീ സേവനങ്ങൾ ഗുണഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിയിൽ ഭരണപരമായ ചെലവുകൾ, ഔഷധകിറ്റിന്റെ ചെലവ്, അംഗൻവാടി കേന്ദ്രങ്ങൾക്കാവശ്യമായ പ്രീസ്കൂൾ വിദ്യാഭ്യാസകിറ്റ്, ഐ. ഇ. സി. പ്രവർത്തനങ്ങൾ, അംഗൻവാടി ആകസ്മിക ചെലവുകൾ എന്നിവ ഉൾപ്പെടുന്നു. മേൽ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായ തിനാൽ ഈ ശീർഷകത്തിൽ 102 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-102-61—സമഗ്ര ശിശുസംരക്ഷണ പദ്ധതി

ബഡ്ജറ്റ് വിഹിതം : 15 കോടി രൂപ

46. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സമഗ്രശിശു സംരക്ഷണ പദ്ധതി' പ്രകാരം കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശാനുസരണമുള്ള ചെലവുകൾ മാത്രമേ ഈ ശീർഷകത്തിൽ നിന്നും വഹിക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ കേന്ദ്രസർക്കാർ നിർദ്ദേശങ്ങളിൽ ഇല്ലാത്തതും അതേസമയം അന്തേവാസികളായ കുട്ടികളുടെ പൂർണ്ണ വികസനം ലക്ഷ്യമാക്കിയുള്ളതുമായ നിരവധി തുടർപരിപാടികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നതായി സമിതി മനസ്സിലാക്കുന്നു. കുട്ടികളുടെ തുടർ വിദ്യാഭ്യാസം, മാനസിക വികസനം എന്നിവ ലക്ഷ്യമാക്കിയുള്ള റിക്രിയേഷൻ പരിപാടികൾ വിവിധ ബോധവൽക്കരണ പരിപാടികൾ എന്നിവ ലക്ഷ്യമിടുന്ന ഈ ശീർഷകത്തിൽ സംസ്ഥാന സർക്കാർ അധികമായി നടപ്പിലാക്കുന്ന പരിപാടികൾക്കായി 10 ലക്ഷം രൂപ പ്രത്യേക സ്റ്റേറ്റ് പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-102-56—അംഗൻവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യ വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കൽ-ഒരു ജീവിതചക്ര സമീപനം

ബഡ്ജറ്റ് വിഹിതം : 130 ലക്ഷം രൂപ

47. സമൂഹത്തിന്റെ സ്വാഭാവിക മാറ്റങ്ങൾക്കനുസൃതമായി സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രവികസനം, വികസന പങ്കാളിയായി സ്ത്രീ അംഗീകരിക്കപ്പെടുക തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ബന്ധപ്പെട്ട വകുപ്പുകളുടെ സേവനം, വിഭവങ്ങൾ, പശ്ചാത്തല സൗകര്യം, മനുഷ്യവിഭവശേഷി എന്നിവയെ സമന്വയിപ്പിച്ച് മാതൃകാഅംഗൻവാടികളാക്കി ഘട്ടം ഘട്ടമായി സാമൂഹിക വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന ഈ പദ്ധതിയിൽ പട്ടികജാതി/

പട്ടികവർഗ്ഗ മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള അംഗൻവാടി കെട്ടിടനിർമ്മാണ മാണ് ലക്ഷ്യമിടുന്നത്. ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരി ക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധിക മായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-102-55—അംഗൻവാടി തൊഴിലാളികളുടേയും സഹായികളുടേയും പ്രതിഫലം വർദ്ധിപ്പിക്കൽ

ബഡ്ജറ്റ് വിഹിതം : ഇല്ല.

48. സംസ്ഥാനത്തെ 33115 അംഗൻവാടികളിലെ അംഗൻവാടി വർക്കർമാർ/ ഹെൽപ്പർമാർ എന്നിവർക്ക് സംസ്ഥാന വിഹിതമായി അനുവദിച്ച 1,000 രൂപ അഡീഷ ണൽ ഹോണറേറിയം, ഫെസ്റ്റിവൽ അലവൻസ് എന്നിവ അനുവദിക്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 84 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-103-88—ജെന്റർ അഡ്വൈസറി ബോർഡ്

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ

49. സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനും ജെന്റർ അഡ്വൈസർ മെമ്പർ കൺവീനറും ആയി 15 അംഗങ്ങളോടുകൂടിയ ഒരു ജെന്റർ അഡ്വൈസറി കമ്മിറ്റി സംസ്ഥാനത്ത് രൂപീകൃതമായിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിനും നിർഭയ പോളിസി സെല്ലിന്റെ ചെലവുകൾ വഹിക്കുന്നതിനും, സാമൂഹ്യക്ഷേമ വകുപ്പിന്റെ ഡയറക്ടറേറ്റിൽ രൂപീകരിക്കുന്ന ജെന്റർ സെല്ലിന്റെ പ്രവർത്തനങ്ങൾക്കും നിർഭയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച 1.30 കോടി രൂപ ഈ ശീർഷകത്തിൽ പദ്ധതി വിഹിതമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-001-80—ജെന്റർ പാർക്ക്

ബഡ്ജറ്റ് വിഹിതം : 600 ലക്ഷം രൂപ

50. വിവിധ വികസന മേഖലകളിൽ സ്ത്രീകളുടെ സൃഷ്ടിപരവും ബുദ്ധി പരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും അവരെ നേതൃസ്ഥാനത്തേയ്ക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള ഒരു ഏജൻസിയായി വിഭാവനം ചെയ്തിട്ടുള്ള 'തന്റേടം ജെന്റർ പാർക്ക്' കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ കെട്ടിട നിർമ്മാണം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്ത് നടത്തുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധിക മായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-800-98—മിശ്രവിവാഹങ്ങൾ

ബഡ്ജറ്റ് വിഹിതം : 5.39 ലക്ഷം രൂപ

51. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരായ ദമ്പതിമാർക്ക് ധനസഹായം നൽകുന്നതിന് ഈ പദ്ധതി പ്രകാരം ലക്ഷ്യമിടുന്നു. 9-9-2010 മുതൽ

മിശ്രവിവാഹ ധനസഹായ തുക 5,000 രൂപയിൽ നിന്നും 30,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിൽ മിശ്രവിവാഹ ധനസഹായ തുക ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ലാന്റ് റവന്യൂ കമ്മീഷണറേറ്റ്**

2235-02-101-92—അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ പദ്ധതി

ബഡ്ജറ്റ് വിഹിതം : 120,54,48,000 രൂപ

52. അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ പദ്ധതിയിൽ 3-12-2011-ലെ സ. ഉ. (എംഎസ്.) നമ്പർ 60/2011/സാക്ഷേവ പ്രകാരം 1-4-2011 മുതൽ മുൻകാല പ്രാബല്യത്തോടെ പെൻഷൻ തുക 300 രൂപയിൽ നിന്നും 400 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 80%-ൽ കൂടുതലോ ഒന്നിലധികമോ അംഗവൈകല്യമുള്ള വികലാംഗർക്കുള്ള പെൻഷൻ 400 രൂപയിൽ നിന്നും 700 രൂപയായും മറ്റുള്ളവരുടെ വികലാംഗപെൻഷൻ 400 രൂപയിൽ നിന്നും 525 രൂപയായി വർദ്ധിപ്പിക്കുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഈ സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 46,40,27,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-103-96—വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 8,83,40,000 രൂപ

53. നിർദ്ധനരായ വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള ഈ പദ്ധതി പ്രകാരമുള്ള ധനസഹായ തുക 4-9-2008-ലെ സ.ഉ. (എംഎസ്.) നമ്പർ 50/08/സാക്ഷേവ ഉത്തരവ് പ്രകാരം 5,000 രൂപയിൽ നിന്നും 10,000 രൂപയായി വർദ്ധിപ്പിച്ചിരുന്നു. 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ധനസഹായം 10,000 രൂപയിൽ നിന്നും 20,000 രൂപയായി ഉയർത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. ഈ സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11,16,60,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-102-99—അഗതികൾക്കുള്ള പെൻഷൻ

ബഡ്ജറ്റ് വിഹിതം : 330,45,53,000 രൂപ

54. അഗതികളായ വിധവകൾക്കുള്ള പ്രതിമാസ പെൻഷൻ, 13-12-2011-ലെ സ.ഉ. (എംഎസ്.) നമ്പർ 60/11/സാക്ഷേവ പ്രകാരം 1-4-2011 മുതൽ മുൻകാല

പ്രാബല്യത്തോടെ 300 രൂപയിൽ നിന്നും 400 രൂപയായും 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പെൻഷൻ 525 രൂപയായി ഉയർത്തുന്നതായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 121,19,17,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-102-97—ദേശീയ വാർധക്യകാല പെൻഷൻ പദ്ധതി

ബഡ്ജറ്റ് വിഹിതം : 118,63,10,000 രൂപ

55. പ്രായംചെന്ന അഗതികൾക്കുള്ള പെൻഷൻ കേന്ദ്രസർക്കാരിന്റെ ദേശീയ സാമൂഹ്യസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. 13-12-2011-ലെ സ.ഉ. (എംഎസ്.) നമ്പർ 60/11/സാക്ഷേവ പ്രകാരം 1-4-2011 മുതൽ മുൻകാല പ്രാബല്യത്തോടെ 300 രൂപയിൽ നിന്നും 400 രൂപയായി ഉയർത്തിയിട്ടുണ്ട്. ടി പെൻഷൻ തുക 525 രൂപയായി വർദ്ധിപ്പിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനമുള്ള സാഹചര്യത്തിൽ കുടിശ്ശികയില്ലാതെ 3/2013 വരെ പെൻഷൻ വിതരണം ചെയ്യുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 64,55,41,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-102-96—സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി

ബഡ്ജറ്റ് വിഹിതം : 24,50,87,000 രൂപ

56. മറ്റ് സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 400 രൂപയിൽ നിന്നും 525 രൂപയായി ഉയർത്തുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ 50791 ഗുണഭോക്താക്കൾക്ക് 3/2013 വരെ കുടിശ്ശികയില്ലാതെ പെൻഷൻ വിതരണം ചെയ്യുന്നതിനായി 9,08,93,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-190-98—കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 170 ലക്ഷം രൂപ

57. നിർദ്ധനരായ വികലാംഗർക്ക് സഹായോപകരണങ്ങൾ സൗജന്യമായി വാങ്ങി നൽകുന്ന പദ്ധതി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാ എന്ന് സമിതി മനസ്സിലാക്കുന്നു. ടി പദ്ധതിയിൻ കീഴിൽ ഓരോ വർഷവും ലഭിക്കുന്ന അപേക്ഷകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും വികലാംഗർക്ക് വീൽചെയർ, മൂന്ന് വീൽ സൈക്കിളുകൾ, കൃത്രിമകാലുകൾ, ശ്രവണ സഹായികൾ തുടങ്ങിയ സാമഗ്രികൾ സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി തുടർന്നും നടത്തുന്നതിനുമായി ഓരോ ജില്ലയ്ക്കും 10 ലക്ഷം രൂപ നിരക്കിൽ 14 ജില്ലകളിലേക്കുമായി 140 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

58. കൂടാതെ വികലാംഗർക്ക് സ്വയം തൊഴിലിനായി ലോട്ടറി ഏജന്റുമാർക്ക് ടിക്കറ്റ് വിൽക്കുന്നതിനുള്ള ധനസഹായമായി 20 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-103-89—വനിതകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂളുകൾക്കായുള്ള സുപ്രധാന പരിപാടി

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ

59. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽ ആരംഭിച്ച 2 ഫിനിഷിംഗ് സ്കൂളുകളുടെ നടത്തിപ്പിനും എറണാകുളം ജില്ലയിൽ പുതിയൊരു സ്കൂൾ ആരംഭിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-103-90-02—സ്ത്രീശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി-കേരള വനിതാ വികസന കേർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 26 ലക്ഷം രൂപ

60. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനെസ്സിൽ നാല് വ്യത്യസ്ത ഘടകങ്ങൾ ഉൾക്കൊള്ളുന്നു. വിമൻ സെൽ ഇൻ വിമൻസ് കോളേജ്, 24/7 വിമൻ ഇൻഫർമേഷൻ സെന്റർ, വീഡിയോ പ്രോഗ്രാം ഇൻ വിമൻസ് കോളേജ്, ജെന്റർ ബഡ്ജറ്റിംഗ് തുടങ്ങിയ ഘടകങ്ങളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

61. കൂടാതെ 2011-12 സാമ്പത്തിക വർഷം മുതൽ 150 ലക്ഷം രൂപ ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ 23 ഇ-ടോയ്ലെറ്റുകൾ സ്ഥാപിച്ച് വരുന്നുണ്ട്. സ്ത്രീകൾക്ക് മാത്രമായി സംസ്ഥാനത്തുടനീളം ഇ-ടോയലറ്റുകൾ (ഷീ-ടോയ്ലെറ്റ്) സ്ഥാപിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-103-95—സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ-കേരള വനിതാ കമ്മീഷൻ 4-മെഡിക്കൽ റീഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം : 60,000 രൂപ

62. കമ്മീഷൻ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ ഇനത്തിൽ 50,000 രൂപ അധികമായി വേണ്ടിവന്ന സാഹചര്യത്തിൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ട്രഷറി വകുപ്പ്**

2235-60-107-99—സ്വാതന്ത്ര്യസമര യോദ്ധാക്കൾക്കുള്ള പെൻഷൻ ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 60.20 കോടി രൂപ

63. സംസ്ഥാന സർക്കാർ നൽകി വരുന്ന സ്വാതന്ത്ര്യ സമര യോദ്ധാക്കൾക്കുള്ള പെൻഷൻ പദ്ധതിയിൻ കീഴിൽ 6449 ഗുണഭോക്താക്കളാണുള്ളത്. ടി ഗുണഭോക്താക്കൾക്ക്

2012-2013 സാമ്പത്തിക വർഷത്തിൽ കുടിശ്ശിക കൂടാതെ പെൻഷൻ നൽകുന്നതിനായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-200-89—അകാല ചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്ക് സഹായം

ബഡ്ജറ്റ് വിഹിതം : 24,000 രൂപ

64. അകാല ചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്കുള്ള സഹായമായി സർക്കാർ നൽകിവരുന്ന തുക ഏകീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**നിഷ്**

2235-02-101-85—ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട്

ബഡ്ജറ്റ് വിഹിതം : 5.5 കോടി രൂപ

65. നിഷ്-ൽ പഠനത്തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന ബധിരരും മൂകരുമായ കുട്ടികൾക്ക്, ഇൻസ്റ്റിറ്റ്യൂട്ടിന്റേതായി ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാ എന്ന് സമിതി മനസ്സിലാക്കുന്നു. ബധിരരും മൂകരുമായ കുട്ടികൾ പുറത്ത് പേയിംഗ് ഗസ്റ്റായും വാടക വീടുകളിലും താമസിക്കുന്നത് സുരക്ഷിതമല്ലാ എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ഹോസ്റ്റൽ നിർമ്മിക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഡോ. എം. കെ. മുനീർ,

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2012 ജൂൺ, 11.